LIBRARY ARCHIVES Kerala Legislative Assembly

കരിമണൽ ഖനനം

*13 [601] *ശ്രീ. കെ. രാധാകൃഷ്ണൻ:*
,, എ. സി. മൊയ്തീൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരിമണൽ ഖനനത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സർക്കാരിന്റെ ഖനനാനുമതിക്കെതിരെ ജനരോഷം ഉണ്ടായതിനെത്തുടർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത്; ആലുവയിലെ കെ. ആർ. ഇ. എം. എൽ. എന്ന കമ്പനിക്ക് ഖനനാനുമതി നൽകിക്കൊണ്ടുള്ള ഗവൺമെന്റ് ഉത്തരവുകൾ റദ്ദ് ചെയ്തിട്ടുണ്ടോ;

(സി) ഇപ്പോഴും നിലനിൽക്കുന്ന ഖനനാനുമതി സംബന്ധിച്ച ഉത്തരവുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) കരിമണൽ ഖനനാനുമതിയുമായി ബന്ധപ്പെട്ട് ഇപ്പോഴും കോടതിയുടെ പരിഗണനയിൽ ഉള്ള കേസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) ഇല്ല.

(ബി) നിബന്ധനകൾക്ക് വിധേയമായി സംയുക്ത മേഖലയിൽ കരിമണൽ ഖനനാനുമതി നൽകുന്നതിന് 22-10-2002-ലെ ജി. ഒ. (എം. എസ്.) 101/02/വ്യവ; 30-11-2002-ലെ ജി. ഒ. (എം. എസ്.) 129/02/ വ്യവ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. കരിമണൽ ഖനനം നടത്തിയാൽ, കായംകുളം പൊഴിക്ക് വടക്ക് ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പഞ്ചായത്ത് പ്രദേശങ്ങളിലുണ്ടായേക്കാമെന്ന് ആശങ്ക പ്രകടിപ്പിക്കപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സർക്കാർ രണ്ട് വിദഗ്ദ്ധ സമിതികളെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റികളുടെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിക്ക് വിധേയമായും കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിലും കേരള റെയർ എർത്ത്സ് ആന്റ് മി. ലി. ആലുവ എന്ന സ്ഥാപനത്തിന് കരിമണൽ ഖനനാനുമതി നൽകുകയുണ്ടായി. തുടർന്നുള്ള സംഭവ വികാസങ്ങളുടെ വെളിച്ചത്തിൽ ടി അനുമതി താൽക്കാലികമായി സർക്കാർ നിർത്തിവച്ചു. കരിമണൽ ഖനനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളെ സംബന്ധിച്ചും കൂടുതൽ പഠനങ്ങൾ നടത്തുന്നതിലേക്കായി റിട്ട. ജസ്റ്റിസ് ജോൺ മാത്യു അദ്ധ്യക്ഷനായി പുതിയ ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ടി കമ്മിറ്റി ഇപ്പോൾ പഠനം നടത്തി വരികയാണ്.

(സി) കേന്ദ്ര സർക്കാർ സ്ഥാപനമായ ചവറയിലെ ഇൻഡ്യൻ റെയർ എർത്ത്സ് ആന്റ് മിനറൽസിന് നിബന്ധനകൾക്ക് വിധേയമായി ഖനനാനുമതി അനുവദിച്ചിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്കിൽ ബ്ലോക്ക് II & IV-ൽ 62.204 ഹെക്ടർ 40.566 ഹെക്ടർ എന്നിങ്ങനെ മൊത്തം 102.77 ഹെക്ടർ സറലത്ത് 22-2-2005-ലെ ജി. ഒ. (എം. എസ്.) നം. 22/2005/ഐ. ഡി. പ്രകാരം 20 കൊല്ലം പ്രാബല്യത്തിലുള്ള ഒരു ലീസും ബ്ലോക്ക് II-വിന്റെ കിഴക്കു വശത്ത് 67 ഹെക്ടർ സ്ഥലത്ത് 21-10-1998-ലെ 147/98/ ഐ. ഡി. പ്രകാരം ഒരു ലീസും ഇൻഡ്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് നിലവിൽ ഉണ്ട്.

കരുനാഗപ്പള്ളി താലൂക്കിൽ കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന് ബ്ലോക്ക് I, III, V, VII എന്നീ സ്ഥലത്ത് 157.6496 ഹെക്ടറിൽ ജി. ഒ. (എം. എസ്.) 335/72 തീയതി 11-12-1972 പുറപ്പെടുവിച്ച ഉത്തരവു പ്രകാരം ചെയ്ത 20 കൊല്ലത്തെ ലീസ് 8-7-2005 വരെ നിലവിൽ ഉണ്ട്.

(ഡി) കരിമണൽ ഖനനാനുമതിയുമായി ബന്ധപ്പെട്ട് M/s. വി. വി. മിനറൽസ് കീഴൈകരൈനേതട്, തിശയൻവിളെ, തിരുനൽവേലി, തമിഴ്നാട് എന്ന സ്ഥലത്ത് ചെയ്ത WP(C) No. 15688/2003 എന്ന ഒരു കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ ഉണ്ട്.

ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് നിയമം

*14 [602] *ശ്രീ. ബിനോയ് വിശ്വം:*

„ *മാങ്കോട് രാധാകൃഷ്ണൻ:*

„ *എൻ. രാജൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിലേക്ക് തൊഴിൽ വാഗ്ദാനം നൽകി സ്ത്രീകളെയും കുട്ടികളെയും കൊണ്ടുപോയി ചൂഷണം ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് നിയമം കർശനമായി നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?

തൊഴിൽ വകുപ്പുമന്ത്രി *(ശ്രീ. ബാബു ദിവാകരൻ):*

(എ) ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലെ മത്സ്യ സംസ്ക്കരണ സ്ഥാപനങ്ങളിലെ ജോലിക്കായി കേരളത്തിൽ നിന്നും സ്ത്രീകൾ പോകുന്നുണ്ട്. തൊഴിൽ വകുപ്പിൽ നിന്നും റിക്രൂട്ട്മെന്റ് ലൈസൻസ് നൽകിയിട്ടുള്ള കോൺട്രാക്ടർമാർ മുഖേനയാണ് ഇവർ പോകുന്നത്. ഇവരെ ചൂഷണം ചെയ്യുന്നതായി പരാതികളില്ല. എന്നാൽ അംഗീകൃത കോൺട്രാക്ടർമാർ മുഖേനയല്ലാതെ ജോലിക്കു പോകുന്ന സ്ത്രീകൾ ചൂഷണത്തിന് വിധേയ മാകുന്നതായി ഒറ്റപ്പെട്ട പരാതികൾ ലഭിക്കാറുണ്ട്. ഈ അവസരങ്ങളിൽ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ലേബർ കമ്മീഷണർമാരുമായി ബന്ധപ്പെട്ട് പരാതി പരിഹരിക്കാറുണ്ട്. അന്യ സംസ്ഥാനങ്ങളിലേക്ക് കേരളത്തിൽ നിന്നും കുട്ടികൾ ജോലിക്കു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly